തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിച്ച അപേക്ഷകർക്ക് വൈദ്യുതികണക്ഷൻ

17 [1914] ശ്രീ. പി. എസ്. സുപാൽ :

,, മാങ്കോട് രാധാകൃഷ്ണൻ :

,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജൂണിനുശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര നിർദ്ധനരായവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സൗജന്യമായി വൈദ്യുത കണക്ഷൻ നൽകുന്നതിന് നിർദ്ദേശിച്ച എത്ര അപേക്ഷകൾ വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിനകം എത്രപേർക്ക് കണക്ഷൻ നൽകി ;

(സി) ഇക്കാര്യത്തിന് ബോർഡിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ള സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുതുതായി എത്രപേർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 150325 പേർക്ക്.

(ബി) 45864 അപേക്ഷ ലഭിച്ചു. 42855 കണക്ഷൻ നൽകി.

(സി) ഇതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുകയൊന്നും ഈടാക്കാറില്ല.

(ഡി) 2004-05 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം കണക്ഷൻ ഈ ഇനത്തിൽ നൽകുവാൻ ഉദ്ദേശിക്കുന്നു.

ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുന്നതിന് നടപടി

18 [1915] ശ്രീ. കളത്തിൽ അബ്ദുള്ള:

,, പി. കെ. കെ. ബാവ :

,, കെ. എൻ. എ. ഖാദർ :

,, പി. കെ. അബ്ദുറബ്ബ് :

,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യുടെ പഴയ മീറ്ററുകൾക്കുപകരം ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുന്ന പ്രവർത്തി എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly